**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4766** **19-03-2025 - ൽ മറുപടിയ്ക്ക്**

**കയ്പമംഗലം മണ്ഡലത്തിൽ പുനർഗേഹം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | കയ്പമംഗലം മണ്ഡലത്തിൽ പുനർഗേഹം പദ്ധതിയിൽ എത്ര ഗുണഭോക്താക്കൾ ഉണ്ട്; വ്യക്തമാക്കാമോ; | (എ) | കയ്പമംഗലം മണ്ഡലത്തിൽ പുനർഗേഹം പദ്ധതിയിൽ 350 ഗുണഭോക്താക്കൾ ഉണ്ട്. |
| (ബി) | ഗുണഭോക്താക്കളുടെ ലിസ്റ്റിൽ നിന്നും എത്ര ഗുണഭോക്താക്കൾക്ക് ആനുകൂല്യം ലഭിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ; | (ബി) | 350 ഗുണഭോക്താക്കളുടെ ലിസ്റ്റിൽ നിന്നും 311 ഗുണഭോക്താക്കൾക്ക് ആനുകൂല്യം ലഭിച്ചിട്ടുണ്ട്. |
| (സി) | പുനർഗേഹം പദ്ധതിയുടെ ലിസ്റ്റിൽപെടാത്ത അർഹരായവരെ പ്രസ്തുത ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ? | (സി) | നടപടി സ്വീകരിച്ചിട്ടുണ്ട്. പുനർഗേഹം പദ്ധതി മാർഗ്ഗനിർദേശം പ്രകാരം, നിലവിൽ തീരപ്രദേശത്ത് വേലിയേറ്റ രേഖയിൽ നിന്നും 50 മീറ്ററിനുള്ളിൽ താമസിക്കുന്നവരും എന്നാൽ 2018-19-ൽ ഫിഷറീസ് വകുപ്പ് തയ്യാറാക്കിയ ലിസ്റ്റിൽ ഉൾപ്പെടാത്തവരും ഉണ്ടെങ്കിൽ അതാത് ഡെപ്യൂട്ടി ഡയറക്ടറുടെ വ്യക്തവും വിശദവുമായ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ജില്ലാതല അപ്രൂവൽ കമ്മിറ്റിയുടെ (DLAC) അംഗീകാരത്തിന് വിധേയമായി ബന്ധപ്പെട്ട ജില്ലയുടെ ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടുത്തി ആനുകൂല്യം അനുവദിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ